13663
21/6/17

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - മുൻ എം.പി.-യും എം.എൽ.എ.-യുമായ ശ്രീ.പി.വിശ്വംഭരന്റെ തിരുവനന്തപുരം കിംസ് ആശുപത്രിയിലെ ചികിത്സാ ചെലവ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ(ഡി.ആർ.എഫ്-എ) വകുപ്പ്

സ.ഉ.(കൈയ്യെഴുത്ത്) നം.201/17/റവ.    തിരുവനന്തപുരം, തീയതി, 16/06/2017

പരാമർശം: 1. 21.10.2016-ലെ സ.ഉ.(കൈ.)നം.547/16/റവ.

2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 29.04.2017-ലെ എ5.83524/2016 നമ്പർ കത്ത്.

## ഉത്തരവ്

മുൻ എം.പി.യും എം.എൽ.എ.യുമായ ശ്രീ.പി.വിശ്വംഭരന്റെ തിരുവനന്തപുരം കിംസ് ആശുപത്രിയിലെ ചികിത്സാ ചെലവ് പൂർണ്ണമായും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വഹിക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ശ്രീ.പി.വിശ്വംഭരന്റെ ചികിത്സാ ചെലവ് 5,89,685/- രൂപയാണെന്നും ആയതിൽ 1,03,751/- രൂപ ശ്രീ.പി.വിശ്വംഭരന്റെ കുടുംബം ആശുപത്രിയ്ക്ക് നൽകിയിട്ടുണ്ടെന്നും തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി 1,03,751/- രൂപ കുടുംബത്തിന് നൽകുന്നതിനും 4,85,934/- രൂപ കിംസ് ആശുപത്രിക്ക് നൽകുന്നതിനും ശ്രീ.വിശ്വംഭരന്റെ ചികിത്സാ ചെലവായ 5,89,685/- രൂപ അനുവദിക്കണമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. മുൻ എം.പി.യും എം.എൽ.എ.യുമായ ശ്രീ.പി.വിശ്വംഭരന്റെ ചികിത്സയ്ക്ക് ചെലവായ 5,89,685/- രൂപ (അഞ്ചുലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി അറുനൂറ്റി എൺപത്തി അഞ്ച് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു. ആയതിൽ 1,03,751/- രൂപ ശ്രീ.പി.വിശ്വംഭരന്റെ കുടുംബത്തിനും 4,85,934/- രൂപ കിംസ് ആശുപത്രിയ്ക്കും നൽകേണ്ടതാണ്.

3. ടി 5,89,685/- രൂപ (**അഞ്ചുലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി അറുനൂറ്റി എൺപത്തി അഞ്ച് രൂപ മാത്രം**) 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും **തിരുവനന്തപുരം ജില്ലാ കളക്ടർക്ക്** അനുവദിക്കേണ്ടതും ജില്ലാകളക്ടർ ടി തുക അടിയന്തിരമായി ശ്രീ.പി.വിശ്വംഭരന്റെ കുടുംബത്തിനും കിംസ് ആശുപത്രിയ്ക്കും നൽകി വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.എച്ച്.കുര്യൻ**

**അഡീഷണൽ ചീഫ് സെക്രട്ടറി**

**ജില്ലാ കളക്ടർ, തിരുവനന്തപുരം.**

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ(ഫണ്ട്സ്) വകുപ്പ്/റവന്യൂ(ഡി.ആർ.എഫ്.-ബി), (ഡി.ആർ.എഫ്.-സി) വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1

രഹസ്യം

# കേരള സർക്കാർ

## (7) മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 14-06-2017

ഫയൽ നം.1455001/ഡിആർഎഫ്-എ1/2017/റവ. ഇനം നം: 1118

വിഷയം : റവന്യൂ വകുപ്പ് - മുൻ എം.പി.-യും എം.എൽ.എ.-യുമായ ശ്രീ. പി. വിശ്വംഭരന്റെ തിരുവനന്തപുരം കിംസ് ആശുപത്രിയിലെ ചികിത്സാ ചെലവ് നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്.

SS (CMDRF)
15/6/17

15/6/17

1118

കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | : 1455001/ഡിആർഎഫ്. എ1/2017/റവ |
| 2 | വകുപ്പ് | : റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ് |
| 3 | വിഷയം | : മുൻ എം.പി.യും എം.എൽ.എ.യുമായ ശ്രീ.പി.വിശ്വംഭരന്റെ തിരുവനന്തപുരം കിംസ് ആശുപത്രിയിലെ ചികിത്സാ ചെലവ് നൽകുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 26.05.2017 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ; | : അതെ. |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ. ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : സന്തോഷ് കുമാർ.ടി.കെ. |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ. പി.എച്ച്. കുര്യൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 08.06.2017 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീമതി.നളിനി നെറ്റോ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 09.06.2017 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 13.06.2017 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 13.06.2017 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് കത്തിന്റെ നമ്പറും തീയതിയും. | : |

7

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1) മുൻ എം.പി.യും എം.എൽ.എ.യുമായ ശ്രീ.പി.വിശ്വംഭരന്റെ കിംസ് ആശുപത്രിയിലെ ചികിത്സാ ചെലവ് നൽകുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) മുൻ എം.പി.യും എം.എൽ.എ.യുമായ ശ്രീ.പി.വിശ്വംഭരന്റെ തിരുവനന്തപുരം കിംസ് ആശുപത്രിയിലെ ചികിത്സാ ചെലവ് പൂർണ്ണമായും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വഹിക്കുന്നതിന് 21.10.2016-ലെ സ.ഉ.(കൈ) നം.547/16/റവ പ്രകാരം ഉത്തരവായിട്ടുണ്ട്. ശ്രീ.പി.വിശ്വംഭരന്റെ ചികിത്സാ ചെലവ് 5,89,685/- രൂപയാണെന്നും ആയതിൽ 1,03,751/- രൂപ ശ്രീ.പി.വിശ്വംഭരന്റെ കുടുംബം ആശുപത്രിയ്ക്ക് നൽകിയിട്ടുണ്ടെന്നും തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി 1,03,751/- രൂപ കുടുംബത്തിന് നൽകുന്നതിനും 4,85,934/- രൂപ കിംസ് ആശുപത്രിക്ക് നൽകുന്നതിനും ശ്രീ.വിശ്വംഭരന്റെ ചികിത്സാ ചെലവായ 5,89,685/- രൂപ അനുവദിക്കണമെന്ന് ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3. ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

മുൻ എം.പി.യും എം.എൽ.എ.യുമായ ശ്രീ.പി.വിശ്വംഭരന്റെ ചികിത്സയ്ക്ക് ചെലവായ 5,89,685/- രൂപ (അഞ്ചുലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി അറുനൂറ്റി എൺപത്തി അഞ്ച് രൂപ മാത്രം), 1,03,751/- രൂപ ശ്രീ.പി.വിശ്വംഭരന്റെ കുടുംബത്തിനും 4,85,934/- രൂപ കിംസ് ആശുപത്രിയ്ക്കും നൽകുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കാമോ?